LIBRARY ARCHIVES Kerala Legislative Assembly

മലയോരപ്രദേശങ്ങളിൽ കൂടുതൽ വിദ്യാലയങ്ങൾ

94 [3270] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സൗകര്യവും യാത്രാ സൗകര്യവും ഇല്ലാത്ത മലയോര പ്രദേശങ്ങൾക്ക് വിദ്യാലയങ്ങൾ അനുവദിക്കാൻ മുൻഗണന നൽകുമോ?

ഉത്തരം

കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം V-ലെ റൂൾ 2 നിയമങ്ങൾക്കനുസൃതമായാണ് വിദ്യാലയങ്ങൾ അനുവദിക്കുന്നത്. അപ്രകാരം അനുവദിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കാറുണ്ട്.

കമ്പ്യൂട്ടറും വൈദ്യുതിയും ഉള്ള സ്കൂളുകൾ

95 [3272] ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ഡി. സതീശൻ:
,, ഡി. സുഗതൻ:
,, വി. ജെ. പൗലോസ്:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിൽ ഐ.ടി. പഠനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ഗവൺമെന്റ് ഹൈസ്കൂളിലും എത്ര വീതം കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) വൈദ്യുതി ബന്ധം ഇല്ലാത്ത സ്കൂളുകളിൽ ഐ.ടി. പഠനം നടക്കുന്നുണ്ടോ;

(ഡി) പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം നൽകുന്നതിനുള്ള പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 97 സർക്കാർ ഹൈസ്കൂളുകൾ ഒഴികെ എല്ലാ സർക്കാർ ഹൈസ്കൂളുകളിലും കുറഞ്ഞത് 5 കമ്പ്യൂട്ടറുകൾ വീതമുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ടി 97 സർക്കാർ ഹൈസ്കൂളുകളിൽ അടിയന്തിരമായി കമ്പ്യൂട്ടർ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.